പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 538

06/07/2012-ൽ

മറുപടിയ്ക്കു

## ശബരിമല തീർത്ഥാടനം

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

ശ്രീ. സി.എഫ്.തോമസ്

ശ്രീ. റ്റി.യു.കുരുവിള

ശ്രീ. തോമസ് ഉണ്ണിയാടൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും

വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) അടുത്ത ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് മുൻകൂട്ടി ചെയ്യാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് താഴെപറയുന്ന ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

1. കുടിവെള്ളം സംഭരിക്കുന്നതിനായി ശബരിമല പാണ്ടിത്താവളം ഭാഗത്ത് 20 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള രണ്ട് വാട്ടർ ടാങ്കുകൾ.
2. പിൽഗ്രിം സെൻററുകളുടെ പൂർണ്ണ അറ്റകുറ്റപ്പണികൾ.
3. പമ്പയിൽ സ്പിൽവേയ്ക്കും, ആറാട്ടുകുളത്തിനുമിടയ്ക്ക് കോൺക്രീറ്റ് ബ്ലോക്കുകൾ പതിക്കുന്ന പ്രവൃത്തി.
4. പമ്പയിൽ വഴിപാട് സാധനങ്ങൾ സൂക്ഷിക്കുന്നതിനും, ജീവനക്കാരുടെ താമസ സൗകര്യത്തിനു മായി ഒരു ബഹുനില കെട്ടിടത്തിൻെറ നിർമ്മാണം.
5. നിലയ്ക്കലിൽ കുടുവെള്ളം ശുദ്ധീകരിക്കുന്നതിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്ന ജോലി.
6. പാണ്ടിത്താവളത്തു നിന്നും ഡോണർഹൗസ്-4 വരെ നീളുന്ന കോൺക്രീറ്റ് പാതയുടെ നിർമ്മാണം.
7. അരവണ നിർമ്മാണ പ്ലാൻറിൽ അരവണ കണ്ടയ്നറുകളിൽ നിറയ്ക്കുന്നതിനും അടപ്പ് കൊണ്ട് കണ്ടയ്നർ അടയ്ക്കുന്നതിനുള്ള മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തി.
8. പമ്പയിൽ നിന്നും മരക്കൂട്ടത്തേക്കുള്ള പരമ്പരാഗത പാതയിൽ 16 സ്ഥലത്ത് മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തി.

9. മരക്കൂട്ടം ഭാഗത്ത് 2 യൂണിറ്റ് ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവർത്തി.

10. കുമ്പളം തോട്ടിൽ നിന്നും പാണ്ടിത്താവളം വാട്ടർ ടാങ്കിലേക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി.

കൂടാതെ പ്രസാദ വിതരണവുമായി ബന്ധപ്പെട്ട മെഷീനുകളുടെ അറ്റകുറ്റപ്പണികൾ, ശബരിമല ക്ഷേത്ര സമുച്ചയം, ഡോണർ ഹൗസുകൾ, പിൽഗ്രിം സെൻററുകൾ, പോലീസ് ബാരക്കുകൾ എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾ, സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറയും ഖരമാലിന്യം നിർമ്മാർജ്ജനത്തിനുള്ള ഇൻസിനേറ്ററുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്.

(ബി) ശബരിമല തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പൻമാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇടത്താവളങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

(ബി) ശബരിമല ഇടത്താവളങ്ങളിൽ വിരിവയ്ക്കുന്നതിനും, കുടിവെള്ളം, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തും. ടി സ്ഥലങ്ങളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വിദേശങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന അയ്യപ്പ ഭക്തന്മാർക്ക് ശബരിമല തീർത്ഥാടനത്തിലേക്ക് വേണ്ട വിവരങ്ങൾ നൽകുവാനായി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഒരു ഇൻഫർമേഷൻ കൗണ്ടർ ടി കാലയളവിൽ സ്ഥാപിക്കും.

സെക്ഷൻ ഓഫീസർ